# Desabhimani

## 27 August 2018

## Kalamassery, After Flood, Flood Victims, Relief

# ദുരിതബാധിതർക്ക് സഹായം നൽകി

**കളമശേരി:** ദുരിതത്തിൽ കൈത്താങ്ങായി കളമശേരി ഞാലകം മുസ്ലിം ജമാഅത്ത് ധനസഹായം വിതരണം ചെയ്തു. ജാതി മത ഭേദമന്യേ കളമശേരിയുടെ വിവിധ പ്രദേശങ്ങളിൽ വിതരണം ചെയ്യുന്ന ധനസഹായം ഗ്ലാസ് ഫാക്ടറി ഭാഗത്ത് ഖത്തീബ് പി കെ സുലൈമാൻ മൗലവി ഉദ്ഘാടനം ചെയ്തു. മഹല്ല് പരിധിയിലെ പ്രളയക്കെടുതി നേരിട്ട കുടുംബങ്ങളുടെ വീടും കിണറും പരിസരവും വൃത്തിയാക്കാനാണ് ഒരു കുടുംബത്തിന് 5000 രൂപ വീതം അടിയന്തര ധനസഹായം നൽകിയത്. ദുരിതമനുഭവിക്കുന്ന ഇരുന്നൂറോളം പേർക്കാണ് സഹായധനം നൽകിയത്. 10 ലക്ഷത്തോളം രൂപയാണ് വിതരണം ചെയ്തത്. പഠനോപകരണങ്ങൾ, പുസ്തകങ്ങൾ എന്നിവ നഷ്ടമായ വിദ്യാർഥികൾക്ക് അവ ലഭിക്കാൻ ആവശ്യമായ സാമ്പത്തിക സഹായം, കുടിവെള്ളം, മരുന്ന് തുടങ്ങിയവയ്ക്കുള്ള സഹായം എന്നിവ അപേക്ഷ വരുന്ന മുറയ്ക്ക് വിതരണം ചെയ്യും എന്ന് ഭാരവാഹികൾ പറഞ്ഞു.

മഹല്ല് ജമാഅത്തിന്റെ പരിപാലന സമിതി അംഗങ്ങൾ, മദ്രസാ ഭാരവാഹികൾ സാമൂഹ്യ സേവകരായ യുവാക്കൾ, മറ്റ് പ്രതിനിധികൾ എന്നിവർ വീടുകൾ സന്ദർശിച്ചാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്.



കളമശേരി ഞാലകം മുസ്ലീം ജമാഅത്തിന്റെ ധനസഹായ വിതരണം ഇമാം പി കെ സുലൈമാൻ മൗലവി ഉദ്ഘാടനം ചെയ്യുന്നു

**എരൂർ**

പ്രളയദുരന്തത്തിൽപ്പെട്ട 90 കുടുംബങ്ങൾക്ക് എസ്എൻഡിപി യോഗം എരൂർ വടക്കുംഭാഗം 1706-ാം ശാഖ അരിയും പലവ്യഞ്ജനവും വിതരണം ചെയ്തു. ശ്രീനാരായണ ജയന്തി ആഘോഷത്തിന് നീക്കിവച്ചിരുന്ന തുക ഉപയോഗിച്ചാണ് സഹായം എത്തിച്ചത്. സജീവൻ കറുകപ്പാടം, വിനോദ് വേലംപറമ്പിൽ, കെ ബി സുബ്രഹ്മണ്യൻ തുടങ്ങിയവർ നേതൃത്വം നൽകി.